# അദ്ധ്യായം 4

(ഇനി മേലാൽ സംഭവിപ്പാനുള്ളത് 4 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങൾ ദർശിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്.ഭാവികാല പ്രവചനങ്ങൾ ആകയാൽ പലതരത്തിലുള്ള പഠിപ്പികലുകളും ഉപദേശങ്ങളും ഉള്ളതിനാൽ ഈ ഭാഗങ്ങൾ വളരെ പ്രാർത്ഥനയോടെ പഠിക്കുവാൻ ദൈവകൃപയിലാശ്രയിക്കാം.

4-ാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഇനി സംഭവിക്കാനിരിക്കുന്ന സംഭവം ദൈവസഭയുടെ ഉൾപ്രാപണമാണ്. (ഉൾപ്രാപണം അതായത് എടുക്കപ്പെടൽ).എതിർക്രിസ്തുവിന്റെ കാലത്ത് നടമാടുവാൻ പോകുന്ന മഹാപീഢനത്തിലൂടെ സഭ കടന്നുപോകയില്ലെന്നുള്ള തിരുവചനതെളിവുകളിൽ ചിലത് രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുമല്ലോ.

1. കർത്താവ് ഉപദേശിച്ചതും , കല്പിച്ചതും അവന്റെ മടങ്ങിവരവിനായി ഉണർന്നും ജാഗരിച്ചും കൊണ്ടിരുപ്പാനാണ്. (മത്താ:24:42-44

2. വെളിപാടുപുസ്തകം 4 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ ഒരു പ്രവശ്യം പോലും സഭ എന്ന പദം ദൃശ്യമല്ല.എന്നാൽ ഈ പുസ്തകത്തിന്റെ അവസാനഭാഗത്ത് ഈ പദം കാണുകയും ചെയ്യുന്നു.

3. ലൂക്കോ :21:36)ൽ സംഭവിപ്പാനുള്ള (മഹോപദ്രവകാലം) എല്ലാറ്റിനും..................സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരുപ്പിൻ എന്ന കർത്താവിന്റെ പ്രസ്താവന സഭ മഹാ പീഢനത്തിലൂടെ കടന്നുപോകയില്ലെന്നുള്ളതിന് തെളിവാണ്.

4. 2 തെസ്സ:(2:6-8) വായിക്കുക

(തടുക്കുന്നവൻ - പരിശുദ്ധാത്മാവ്, തടുക്കുന്നത് - സഭയെ അധർമ്മമൂർത്തി - എതിർക്രിസ്തുവുമാണ്. )

ദൈവസഭയും,ദൈവസഭെ ഒരുക്കുന്ന പരിശുദ്ധാത്മാവും ഇവിടെനിന്ന് മാറ്റപ്പെട്ടെങ്കിൽ മാത്രമേ അധർമ്മമൂർത്തി വെളിപ്പെടാതെ മഹോദ്രവംകാലം ആരംഭിക്കുന്നില്ല.

സഭ മഹോപദ്രവത്തിൽകൂടി കടന്നുപോകയില്ലെന്നുള്ളതിനു ചില നിഴലുകൾ പഴയനിയമത്തിൽ കാണുന്നതും ശ്രദ്ധിക്കുക

(ഉല്പ :41:25, യോശുവ (6:25), ഉല്പ (19:1-28)

ഉല്പ: 5:24

ശ്രവ്യമാധ്യമത്തെക്കാൾ ദൃശ്യമാധ്യമമാണ് കാര്യങ്ങൾ ഗ്രഹിപ്പാൻ ഉചിതമായത് അതിനാൽ മൂന്നാം ഘട്ടമായ വിവരിപ്പാൻ ദൃശ്യമാധ്യമത്തെ സ്വീകരിക്കുന്നു. അതായത് ദർശനരംഗം സ്വർഗ്ഗത്തിലേക്ക് മാറ്റപ്പെടുന്നു.

1. വിടെ കയറി വരിക എന്ന സ്വര്ഢഗ്ഗീയ ധ്വനി -വെളി- 4.1

(പല സന്ദർഭങ്ങളിലായി സ്വർഗ്ഗം തുറന്നതായി വചനത്തിൽ കാണുന്നു.

യെഹി (1.1) , മർക്കോ (1.10) , അപ്ര (7.55,56)

ഭൗമീക മണ്ഡലത്തിൽനിന്ന് സ്വർഗ്ഗീയ മണ്ഡലത്തിലേക്ക് ഒരവൻ എടുക്കപ്പെടേണമെങ്കിൽ ആത്മ വിവശതയിലായാലേ സാധിക്കുകയുള്ളു. (ക ംമെ ശി ൃെശശേ എന്ന് ജ.ആ ൽ കാണാം)

3 പ്രാവശ്യം യോഹന്നാൻ ആത്മാവിലായി

(വെളി (1.10) , (4.2) (21.10)

2. കാഹള നാദത്തിങ്കൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവൻ കണ്ട സ്വർഗ്ഗീയ ദൃശ്യങ്ങൾ - വെളി- (2.12.7)

## സ്വർഗ്ഗീയ സിംഹാസനം

സിംഹാസനസ്ഥനെ കണ്ടു എങ്കിലും കണ്ണഞ്ചിപ്പിക്കുന്ന പ്രകാശധാരകളാൽ കാഴ്ച അവ്യക്തമായിരുന്നു

## ഇരുപത്തിനാലു മൂപ്പൻമാർ

(വെള്ള വസ്ത്രധാരികളായ ഇവർ തയിൽ പൊൻകിരീടം ധരിച്ച് സിംഹാസനസ്ഥന്റെ ചുറ്റിലുമുള്ള 24 സിംഹാസനങ്ങളിലിരിക്കുന്നു.വെളി 4 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ മൂപ്പൻമരെ കാണുന്നു.

24 മൂപ്പൻമാർ എന്തുകൊണ്ട്?

നാം ദാവീദിന്റെ കാലത്തേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ പുരോഹിത വർഗ്ഗത്തെ 24 കൂറുകളായി തിരിച്ച് ഓരോ കൂറിനും ഓരോ മൂപ്പൻമാരെ നിയമിച്ചിരുന്നു. (1 ദിന 24. 7-18). അക്കാലത്ത് യാഗത്തെക്കാൾ സ്തോത്രത്തിനായിരുന്നു പ്രാധാന്യം .ദാവീദിന്റെ വീണു പോയ കൂടാരത്തെ പണിയുമെന്നുള്ള പ്രവചനം പുതിയ നിയമസഭയിൽ നിവർത്തിയായി. ( ആമോസ് (9.11,12) ഇവിടെ ഈ 24 മൂപ്പൻമാരും സമ്പൂർണ്ണ ദൈവസഭയുടെ പ്രതിനിധികളാണ്.

സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്ന മിന്നൽ , ഇടിനാദം

സിംഹാസനത്തിന്റെ മുമ്പിലുള്ള ഏഴ് ദീപങ്ങൾ കൂടാതെ പളുങ്കിനൊത്ത ഒരു കണ്ണാടിക്കടൽ.

ആറാറു ചിറകുകളും , ചുറ്റിലും അകത്തും കണ്ണുകളുമുള്ള നാലു ജീവികൾ , ഇവയെക്കുറിച്ച് അനേക വ്യാഖ്യാനങ്ങളുണ്ട്. അവയിൽ ചിലത് രേഖപ്പെടുത്തട്ടെ.

ഒന്നാം ജീവി സിംഹത്തോട് സദൃശ്യം - സിംഹ ഗർജ്ജനം മഹാ സമുദ്രത്തെ സൂചിപ്പിക്കുന്നു (യിരെ 31.25)

രണ്ടാം ജീവി, കാളയാക്ക് സദൃശ്യം - സകല കരജീവികളെയും പ്രതിനിധീകരിക്കുന്നു

മൂന്നാം ജീവി - മനുഷ്യനെപ്പോലെയുള്ളത്- സകല സൃഷ്ടിയുടെയും മകുടമാകയാൽ സകലസൃഷ്ടിയേയും പ്രതിനിധീകരിക്കുന്നു.

നാലാം ജീവി - കഴുകന് സദൃശ്യം - സകല പറവകളുടെയും പ്രതീകം

അതായത് സകല സൃഷ്ടി ജാലങ്ങളേയും നാലു ജീവികൾ പ്രതിനിധീകരിക്കുന്നു.

ഈ നാലു ജീവികൾ 4 സുവിശേഷങ്ങളിൽ പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു.യേശുക്രിസ്തുവിന്റ ചതുർമുഖ സവിശേഷതകൾക്ക് സദൃശ്യമായി കരുതുന്നു.

സിംഹദൃശ്യം - മത്തായിയിൽ യഹൂദഗോത്രത്തിൽ സിംഹ കാള ദൃശ്യം - മർക്കോസിൽ ദാസ വേഷം , പൊതുവേ സഹായിക്കുന്നവർ ദാസ്യ പ്രതീകം.

മനുഷ്യ മുഖ സദൃശ്യം - ലൂക്കോസെഴുതിയ സുവിശേഷത്തിൽ മനുഷ്യത്ത്വമുള്ളവൻ.

കഴുകൻ ഉയരത്തിൽ പറക്കുന്നു- യോഹന്നാനെഴുതിയ സുവിശേഷത്തിൽ അവൻ ഉന്നതനായ ദൈവപിത്രനാണ്

തുടർന്ന് ഈ നാലു ജീവികൾ യിസ്രയേൽ ജനത്തെ പ്രതിനിധീകരിക്കുന്നു. യിസ്രായേൽ പാളയത്തിൽ 4 കൊടിക്കീഴിലായിട്ടാണ് ജനം പാളയമിറങ്ങുന്നത് .(സംഖ്യ (2.1-3)10,18,25).ഈ നാലു ജീവികളും വിശ്രമംകൂടാതെയാണു സ്തുതി ഉയർത്തുന്നത് . മനുഷ്യന് ഉറങ്ങുമ്പോഴും , മരണം സംഭവിക്കുമ്പോഴും സ്തുതിക്കുവാൻ കഴിയുകയില്ല. എന്നാൽ പ്രകൃതി യാതൊരു വിഘ്നവും കൂടാതെ വാക്കും ഭാഷമണവുമില്ലാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇവർ പ്രകൃതിയുടെ പ്രതിനിധികളാണ്. ിരുപത്തിനാല് മൂപ്പൻമാരുടേയും സ്തുതികൾ എപ്രകാരം -വെളി- (4.10,11)

പ്രീയരേ! ഈ ആത്മീയാരാധനയിൽ പങ്കാളികളാകുവാനായി നമുക്കും ഒരുങ്ങാം.